## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.456 12.06.2012 ൽ മറുപടിയ്ക്ക്

**ഗതാഗതവകുപ്പ് 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം**

| ചോദ്യം<br>ശ്രീ. കെ. കെ. നാരായണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഗതാഗതവകുപ്പിന്റെ പ്ളാൻ ഫണ്ട് തുകയും 2012 മാർച്ച് 31 വരെ ചിലവഴിച്ച തുകയും എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | മോട്ടോർ വാഹന വകുപ്പിലെ 2011-12 ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന പ്ലാൻ ഫണ്ട് തുകയായ 612 ലക്ഷം രൂപയിൽ 2012 മാർച്ച് 31 വരെ 611.88 ലക്ഷം രൂപ ചെലവഴിച്ചിരുന്നു.<br>2011-12 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന ജലഗതാഗത വകുപ്പിന് അനുവദിച്ചിരുന്ന ആകെ പ്ലാൻ ഫണ്ട് തുകയായ 1150 ലക്ഷം രൂപയിൽ 2012 മാർച്ച് 31 വരെ 932.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 5055-00-190-99 എന്ന ശീർഷകത്തിൽ കെ.എസ്.ആർ.ടി.സി യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന 42 കോടി രൂപയും 31.3.2012 നുള്ളിൽ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.<br>ഗതാഗത വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള മോട്ടോർ വാഹന വകുപ്പ്, ജലഗതാഗത വകുപ്പ്, കെ.എസ്.ആർ.ടി.സി. എന്നിവയ്ക്ക് 2011-12 വർഷത്തിൽ അനുവദിച്ചിരുന്ന പ്ലാൻ ഫണ്ട് തുകയും ആയത് 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) ഗതാഗത വകുപ്പിൻകീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും, ഇതിനായി ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുകയെത്ര എന്നും വ്യക്തമാക്കാമോ ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് അനുവദിച്ചിരിക്കുന്നത്. അവ ചുവടെ ചേർക്കുന്നു : -<br><br>1). ഡ്രൈവർമാരിൽ ട്രാഫിക്ക് അവബോധം സൃഷ്ടിക്കുവാനായി ഒരു ഡ്രൈവർ പരിശീലന കേന്ദ്രം തുടങ്ങുന്നതിനായി കേന്ദ്ര സർക്കാർ മോട്ടോർ വാഹന വകുപ്പിന് ധനസഹായം 2004 ൽ അനുവദിച്ചിട്ടുണ്ട്. ആയതിനായി കേന്ദ്ര സർക്കാർ 2.99 കോടി രൂപ വാഗ്ദാനം ചെയ്യുകയും |

| | | |
|---|---|---|
| | | അതിന്റെ ആദ്യ ഗഡുവായി 99.5 ലക്ഷം രൂപ 2004 ൽ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2). "മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം" എന്ന ഒരു പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 112.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ആദ്യ ഗഡുവായ 50 ലക്ഷം രൂപ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഐ.ടി. മിഷന് കേന്ദ്ര സർക്കാർ 05.05.2008 ൽ കൈമാറിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) ഉപയോഗിച്ച് ബസ്സുകളെ നിരീക്ഷിക്കുന്ന സംവിധാനത്തിന് കേന്ദ്ര ഗവൺമെന്റ് രണ്ട് കോടി രൂപ അനുവദിച്ചതിൽ 1 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (സി) ഗതാഗതവകുപ്പിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ? | (സി) | മോട്ടോർ വാഹന വകുപ്പിലെ 2011-12 ലെ പ്ലാൻ ഫണ്ട് തുകയും 31-03-2012 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.<br><br>സംസ്ഥാന ജലഗതാഗത വകുപ്പ് ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (III) ആയി ചേർത്തിരിക്കുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 5055-00-190-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 42 കോടി രൂപ 31.3.2012 ൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 7055-00-190-99 എന്ന ശീർഷകത്തിൽ 140 കോടി രൂപ ലോണായും 3055-190-98-36 എന്ന ശീർഷകത്തിൽ 32 കോടി രൂപ ഗ്രാന്റ് ഇൻ എയ്ഡായും അനുവദിച്ചിട്ടുള്ളതിൽ മുഴുവൻ തുകയും 31.3.2012 നുള്ളിൽ വിനിയോഗിച്ചിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ